# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2420** **09-12-2014 ലെ മറുപടിയ്ക്ക്**

## അന്യ സംസ്ഥാന ലോട്ടറികൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി മാഫിയകളെ നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ നിർമ്മാണം ആവശ്യമാണോ; വിശദാംശം വ്യക്തമാക്കുമോ ; | എ) അന്യ സംസ്ഥാന ലോട്ടറി മാഫിയകളെ പൂർണമായും നിയന്ത്രിക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി ആവശ്യമാണ് എന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ലോട്ടറി മാഫിയകളുടെ നിയമ ലംഘനങ്ങൾ തടയുന്നതിനും ലോട്ടറി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നതിനും ഒരു സംസ്ഥാനത്തിന്റെ ഭാഗ്യക്കുറികൾ മറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ ഒരു ഉഭയകക്ഷി കരാറിൽ ഒപ്പിടേണ്ടതാണെന്നതരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് ഇന്നത്തെ സാഹചര്യത്തിൽ അന്യ സംസ്ഥാന ലോട്ടറികൾക്ക് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ ; | ബി) അന്യ സംസ്ഥാന ലോട്ടറികൾക്ക് 1998 ലെ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം, 2010 ലെ ഭാഗ്യക്കുറി (നിയന്ത്രണ) ചട്ടം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി, ഭാഗ്യക്കുറി ഡയറക്ടറുടെ No Objection Certificate - ന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാവുന്നതാണ്. |

| | |
|---|---|
| **സി)** സംസ്ഥാനത്ത് ചൂതാട്ട ലോട്ടറികൾ പോലുള്ളവ പ്രവർത്തിക്കുന്നത് തടയാൻ നിയമ നിർമ്മാണം നടത്തുന്നതിന് സംസ്ഥാനത്തിന് അധികാരം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | **സി)** ചൂതാട്ട ലോട്ടറികൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ്. എന്നാൽ ലോട്ടറി മാഫിയകൾ നടത്തുന്ന നിയമ ലംഘനങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും നിലവിൽ കോടതി തീർപ്പു കൽപ്പിക്കുവാനുള്ള നിയമ ലംഘനം സംബന്ധിച്ച കേസ്സുകളിൽ അന്തിമ വിധിവരുന്നതുവരെ നിയമ ലംഘനം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതും അത്തരക്കാരുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതും ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സംസ്ഥാനത്തിനനുകൂലമായ വിധി വരുന്ന പക്ഷം നിയമ ലംഘനം നടത്തുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും.<br><br>നിലവിൽ ഗയിമിംഗ് ആക്ട്, ഇന്ത്യൻ പീനൽ കോഡിന്റെ വിവിധ വകുപ്പുകൾ എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.